No. CEE/3600/ KEAM-2021/TA2


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# വിജ്ഞാപനം

## KEAM-2021

## സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളും സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിൽ ഒഴിവുള്ള സീറ്റുകളും നികത്തുന്നതിനായുള്ള ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 23.11.2021, വൈകിട്ട് 4.00 മണിവരെ വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതും പ്രവേശന സമയത്ത് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതുമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **25.11.2021** മുതൽ **27.11.2021** വരെ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **27.11.2021** വൈകുന്നേരം 3.00 മണിയ്ക്കു മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റും അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള മറ്റ് രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്

കുറിപ്പ്:-

1. *സർക്കാർ/എയ്ഡഡ് കോളേജുകളിൽ മുൻ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ ലഭിച്ചിരുന്ന വിദ്യാർത്ഥികൾ ഈ ഘട്ടത്തിലെ ഓപ്ഷൻ പ്രകാരം പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം നിർബന്ധമായും പുതിയ അലോട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. ഈ ഘട്ടത്തിൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റ് പ്രകാരം ലഭിച്ചിരുന്ന അഡ്മിഷൻ റദ്ദായിട്ടുണ്ട്.*
2. *27.11.2021, വൈകിട്ട് 3 മണിക്ക് ശേഷം ഒഴിവു വരുന്ന സീറ്റുകൾ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം ബന്ധപ്പെട്ട കോളേജുകൾ നികത്തുന്നതാണ്.*

അലോട്ട്മെന്റ് സംബന്ധിച്ച എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 -2525300.**

തിരുവനന്തപുരം
24.11.2021

പ്രവേശന പരീക്ഷാ കമ്മീഷണർ